# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588** — **21-03-2012 ൽ മറുപടിയ്ക്ക്**

## നെൽക്കൃഷിവികസനപദ്ധതികൾ

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ നെൽക്കൃഷിവികസന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(എ) കോഴിക്കോട് ജില്ലയിൽ നെൽക്കൃഷി വികസനത്തിനായി 2011-2012 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി, സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽക്കൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള നെൽക്കൃഷി പദ്ധതി, നെൽകൃഷിക്കാർ ക്കുള്ള ഉൽപ്പാദന ബോണസ്, വൈദ്യുതി സൗജന്യം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുതപദ്ധതികളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(ബി) 2011-2012 വർഷം കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ നെൽക്കൃഷി വികസന പദ്ധതികളുടെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ലക്ഷ്യങ്ങൾ |
|---|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസന പദ്ധതി | ഗ്രൂപ്പ് ഫാമിംഗ് 2500 ഹെക്ടറിലും തരിശുഭൂമി കൃഷി വ്യാപനം 154 ഹെക്ടറിലും അധിക ആദായ വിളകളുടെ കൃഷി 100 ഹെക്ടറിലും നടപ്പിലാക്കുക. |
| 2 | സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി | കര നെൽകൃഷി 586 ഹെക്ടറിലും വനിതകളുടെ നേതൃത്വത്തിലുള്ള തരിശുനില നെൽകൃഷി 25 ഹെക്ടറിലും ചെറുപുഴ പാടശേഖരത്തിൽ പെട്ടി-പറ എന്നിവയും സ്ഥാപിക്കുക. |

| | | |
|---|---|---|
| 3 | മാക്രോ മാനേജ്മെന്റ് നെൽക്കൃഷി വികസന പദ്ധതി | വിവിധ ഡമോൺസ്ട്രേഷനുകൾ (SRI-30, POP-50) ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, സസ്യ സംരക്ഷണ മരുന്നുകൾ, ഫാംഫീൽഡ് സ്കൂളുകൾ എന്നിവ യുടെ വിതരണം. |
| 4 | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാര മുള്ള നെൽകൃഷി വികസന പദ്ധതി | സുസ്ഥിര നെൽകൃഷി വികസന പദ്ധതി 1000 ഹെക്ടറിൽ നടപ്പിലാക്കുക |
| 5 | നെൽകൃഷിക്കാർക്ക് ഉൽപ്പാദന ബോണസ് | ഹെക്ടറിന് 350 രൂപ നിരക്കിൽ 2715 ഹെക്ടറിനുള്ള സഹായം നൽകുന്നു. |
| 6 | നെൽകൃഷിക്കാർക്കുള്ള വൈദ്യുതി സൗജന്യം | നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ